
കേരള സർക്കാർ

# കേരള പൊതുവിപണി വില അവലോകനം
# ജൂലൈ
# 2018




## പ്രൈസസ് വിഭാഗം
## സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ്
## തിരുവനന്തപുരം
**2018**

കേരള സർക്കാർ

പിണറായി വിജയൻ

മുഖ്യമന്ത്രി

നം.1360/പ്രസ്/സി.എം.ഒ/2017. നവംബർ 24, 2017

## സന്ദേശം

സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് 'കേരള പൊതു വിപണി' എന്ന പേരിൽ 2017 നവംബർ മുതൽ ഒരു മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷം. തൊട്ടു മുൻ മാസത്തെ വിപണി വിലയെ അവലോകനം ചെയ്തുകൊണ്ടുള്ള ഈ പ്രസിദ്ധീകരണ ത്തിന് എല്ലാ ഭാവുകങ്ങളും നേരുന്നു.

പിണറായി വിജയൻ

The Director General
Economic & Statistics Department
Vikas Bhavan, Thiruvananthapuram

141, മൂന്നാം നില, നോർത്ത് ബ്ലോക്ക്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം പിൻ 695 001
ഫോ 0471 2333241, 2333812, 2333610 ഫാ 0471 2333489 ഇ chiefminister@kerala.gov.in
facebook.com/cmokerala twitter.com/cmokerala
വസതി ക്ലിഫ് ഹൗസ് ഫോ 0471 2318406, 2314853
www.keralacm.gov.in

# അവതാരിക

സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് സംസ്ഥാനത്തെ സ്ഥിതിവിവര കണക്കുകൾ ശേഖരിക്കുന്നതിനും റിപ്പോർട്ട് ചെയ്യുന്നതിനുമുള്ള ഔദ്യോഗിക ഏജൻസിയാണ്. വകുപ്പിലെ പ്രധാനപ്പെട്ട ഒരു വിഭാഗമാണ് പ്രൈസസ് വിഭാഗം വിലശേഖരണവും അതിന്റെ അപഗ്രഥനവും റിപ്പോർട്ടിങ്ങും ഈ വിഭാഗത്തിന്റെ ചുമതലയാണ് . വിവിധ ഇനം വിലകൾ ഈ വകുപ്പ് ശേഖരിച്ച് റിപ്പോർട്ട് ചെയ്യുന്നു. കാർഷിക വിളകളുടെ കൃഷിയിടത്തെ മൊത്ത , ചില്ലറ വിലകൾ, കമ്പോള മൊത്ത, ചില്ലറ വിലകൾ എന്നിവ ഇതിൽ പ്രധാനപ്പെട്ടവയാണ്. ഈ വില വിവരങ്ങൾ ഉപയോഗിച്ചു സംസ്ഥാനത്തെ സാധനങ്ങളുടെ വിലനിലവാരം അവലോകനം ചെയ്യുന്നതോടൊപ്പം, വിവിധ സൂചികകൾ തയ്യാറാക്കുകയും ചെയ്യുന്നു. (ഉപഭോക്തൃ വിലസൂചിക, കാർഷിക ഉൽപ്പന്നങ്ങളുടെ മൊത്ത വില സൂചിക, കർഷകരുടെ തുല്യതാ സൂചിക,)

സംസ്ഥാനത്തെ അവശ്യ സാധനങ്ങളുടെ വിലനിലവാരം മോണിററർ ചെയ്യുക എന്ന ഉദ്ദേശത്തോടെ ഈ വിഭാഗം 50 ഇനം അവശ്യ സാധനങ്ങളുടെ ചില്ലറ വിലകൾ ദിനംപ്രതി എല്ലാ ജില്ലാ ആസ്ഥാനങ്ങളിൽ നിന്നും ഏററവും കൂടുതൽ കച്ചവടം നടക്കുന്ന മാർക്കററിലെ, ഏററവും കൂടുതൽ കച്ചവടം നടക്കുന്ന കടകളിൽ നിന്നും ജില്ലകളിലെ വിലശേഖരണ ഉദ്യോഗസ്ഥർ മുഖേന ശേഖരിച്ച് വകുപ്പിലെ കമ്പ്യൂട്ടർ വിഭാഗം തയ്യാറാക്കിയ Online Software ലൂടെ വകുപ്പ് ആസ്ഥാനത്തു വച്ച് റിപ്പോർട്ട് തയ്യാറാക്കി വൈകുന്നേരത്തോടുകൂടി സർക്കാരിലേക്കും സിവിൽ സപ്ലൈസ് ,റിസർവ് ബാങ്ക് , കൺസ്യൂമർഫെഡ്, മററ് ഏജൻസികൾ എന്നിവർക്കും അയച്ചുകൊടുക്കുന്നു.

2004 മുതൽ വകുപ്പ് 'പ്രൈസ് ബുള്ളററിൻ' എന്ന പേരിൽ ഇംഗ്ളീഷിൽ പ്രസിദ്ധീകരണം എല്ലാ മാസവും പ്രസിദ്ധീകരിച്ചു വരുന്നു. ഔദ്യോഗിക ഭാഷ പൂർണ്ണമായും മലയാളീകരിക്കുന്നതിന്റെ ഭാഗമായി ഈ വകുപ്പ് ഏറെറടുത്ത ഒരു ഉദ്യമമാണ് പ്രൈസ് ബുള്ളററിൻ എന്ന പ്രസിദ്ധീകരണം മലയാളീകരിക്കൽ. പ്രൈസ് ബുള്ളററിനിൽ നിന്നും കാലികമായ മാററങ്ങൾ ഉൾക്കൊണ്ട് കൂടുതൽ പ്രാധാന്യമുള്ള ഇനങ്ങൾ ഉൾപ്പെടുത്തി "കേരള പൊതുവിപണി വില അവലോകനം" എന്ന പ്രസിദ്ധീകരണം 2017 നവംബർ മുതൽ വകുപ്പ് പുറത്തിറക്കുന്നു. ദിവസേന വില ശേഖരിക്കുന്ന 50 ഇനം അവശ്യ സാധനങ്ങൾ, അധിക ഇനങ്ങൾ, ആഴ്ചതോറും ശേഖരിക്കുന്ന 20 ഇനങ്ങൾ, പഴ വർഗ്ഗങ്ങൾ എന്നിവയിൽ നിന്നും പ്രാധാന്യമുള്ള ഇനങ്ങൾ തെരഞ്ഞെടുത്ത് അവയുടെ സംസ്ഥാന ശരാശരി വിലയാണ് പ്രസിദ്ധീകരണത്തിനായി ഉപയോഗിച്ചിരിക്കുന്നത്. പ്രൈസ് ബുള്ളററിനിൽ നിന്നും വ്യത്യസ്തമായി വില ശേഖരിക്കുന്ന എല്ലാ ദിവസത്തെയും വിലകളുടെയും മാസ ശരാശരിയാണു ഇവിടെ ഉപയോഗിച്ചിരിക്കുന്നത്.

സംസ്ഥാനത്തെ എല്ലാ ജില്ല വിപണികളിൽ നിന്നും, മൊത്ത, ചില്ലറ കച്ചവടക്കാരിൽ നിന്നും, വകുപ്പിന്റെ ഇൻവെസ്റ്റിഗേററർമാരിൽ നിന്നും ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിലാണു ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്.

ജില്ലകളിലെ പ്രൈസ് റിപ്പോർട്ടർമാരും ഇതുമായി ബന്ധപ്പെട്ട മററ് ഉദ്യോഗസ്ഥരും അവരുടെ കർത്തവ്യ നിർവഹണത്തിൽ അഭിനന്ദനം അർഹിക്കുന്നു.

വകുപ്പിലെ പ്രൈസസ് വിഭാഗം തയ്യാറാക്കിയ ഈ പ്രസിദ്ധീകരണത്തെക്കുറിച്ചുള്ള അഭിപ്രായങ്ങൾ സ്വാഗതം ചെയ്യുന്നു.

ഒപ്പ്

തിരുവനന്തപുരം — വി. രാമചന്ദ്രൻ

18/08/2018 — ഡയറക്ടർ ജനറൽ

## ആമുഖം

കേരളത്തിൽ പൊതു വിപണിയിൽ വിൽപനയ്ക്കായി വരുന്ന സാധനങ്ങളിൽ ഭൂരിഭാഗവും അന്യ സംസ്ഥാനങ്ങളിൽനിന്നും വരുന്നവയാണ്. ആയതിനാൽ വില നിയന്ത്രണത്തിൽ പലപ്പോഴും സംസ്ഥാനത്തിന് നിയന്ത്രിക്കാനാവാത്ത പല ഘടകങ്ങളും ഉണ്ടാവുന്നു. കാലാവസ്ഥാ വ്യതിയാനം, സമരങ്ങൾ, ഇന്ധന വില വർദ്ധനവ്, സംസഥാനാന്തര ബന്ധങ്ങൾ, അന്യസംസ്ഥാനങ്ങളിലെ വിപണി ചാഞ്ചാട്ടങ്ങൾ ഇങ്ങനെ നിരവധി ഘടകങ്ങൾ കേരളത്തിലെ വിപണി വിലയെ സ്വാധീനിക്കുന്നു. ഇക്കാരണങ്ങളാൽ വിപണി വിലയെ നിയന്ത്രിച്ചു നിർത്തുക എന്നുള്ളത് കേരളത്തിലെ ഏതൊരു സർക്കാരിനും വളരെ ശ്രമകരമായ ജോലിയായി മാറുന്നു ഈ സാഹചര്യത്തിൽ വിപണിയിൽ ഇടപെടുന്നതിനു വേണ്ടി ആവശ്യമായി വരുന്ന വിലനിലവാരം ശേഖരിച്ച് അവലോകനം നടത്തി സർക്കാരിനു നൽകുന്ന ഉദ്യമമാണു ഈ പ്രസിദ്ധീകരണത്തിലൂടെ ലക്ഷ്യമിടുന്നത്.

കേരളത്തിലെ കർഷിക മേഖലയെ സംബന്ധിച്ചു ഏററവും ദുരന്തപൂർണ്ണമായ ഒരു മാസമാണ് കടന്നു പോയത്. നല്ല കാലവർഷം പ്രതീക്ഷിച്ച് കൃഷിയിറക്കിയ കർഷകന്റെ പ്രതീക്ഷകളും സ്വപ്നങ്ങളും തകർത്തെറിഞ്ഞുകൊണ്ടാണു ദുരിതം പേമാരിയുടെ രൂപത്തിൽ പെയ്തിറങ്ങിയത്. മധ്യകേരളത്തിലാണ് ഏററവും കൂടുതൽ കൃഷിനാശം സംഭവിച്ചിരിക്കുന്നത്. പല സ്ഥലങ്ങളിലും കൃഷി പാടെ നശിച്ചു. ഓണവിപണിയെ ലക്ഷ്യമിട്ട് ആരംഭിച്ച കൃഷിയിൽ ഭൂരിഭാഗവും നശിച്ചു. ഇത് ഓണക്കാലത്ത് പച്ചക്കറികളുടെ വിലക്കയററത്തിനു കാരണമാകാൻ സാധ്യതയുണ്ട്. നെൽകൃഷിയിൽ കനത്ത നാശനഷ്ടമാണു ഉണ്ടായിട്ടുള്ളത്. ഇത് പെട്ടെന്നുള്ള വിലക്കയററത്തിലേക്ക് നയിക്കില്ലെങ്കിലും പിന്നീടുള്ള മാസങ്ങളിൽ അരിയുടെ വിലക്കയററത്തിനു കാരണമായേക്കാം.

ഒരു ഉപഭോക്തൃസംസ്ഥാനമായ കേരളത്തെ പലപ്പോഴും ബാധിക്കുന്ന ഒന്നാണ് ചരക്ക് ലോറി സമരം. പലപ്പോഴും ഇത് കേരള വിപണിയെ പ്രതിസന്ധിയിലാക്കുന്നു. ജൂലൈ മധ്യത്തോടെ വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ആരംഭിച്ച ചരക്ക് ലോറി സമരം പച്ചക്കറി വിപണിയിൽ വ്യാപകമായ വിലക്കയററം സൃഷ്ടിച്ചു. സമരം ഒരാഴ്ച പിന്നിട്ടതോടെ വിപണിയിൽ പലചരക്ക് സാധനങ്ങളുടെ കരുതൽ ശേഖരം അവസാനിക്കുന്ന നിലയിലേക്ക് കാര്യങ്ങൾ എത്തിയെങ്കിലും ജൂലൈ 27 നു എട്ട് ദിവസം നീണ്ടുനിന്ന സമരം അവസാനിച്ചത് വിപണിയെ സംബന്ധിച്ചു വലിയ ആശ്വാസമായിരുന്നു.

കേന്ദ്ര കൃഷി മന്ത്രാലയം പുറത്തുവിട്ട ഏററവും പുതിയ റിപ്പോർട്ട് പ്രകാരം ഖാരിഫ് സീസണിൽ കരിമ്പ് കൃഷി ഒഴികെയുള്ള എല്ലാ ഇനങ്ങളുടെയും കൃഷിയിട വിസ്തൃതിയിൽ കാര്യമായ കുറവ് കാണുന്നു. 2018 ജൂൺ 29 വരെയുള്ള കണക്ക് പ്രകാരം മൊത്തം 162.51 ലക്ഷം ഹെക്ടർ മാത്രമാണു റിപ്പോർട്ട് ചെയ്തിരിക്കുന്നത്. 2017 ൽ ഇതേ സമയം 210.75 ലക്ഷം ഹെക്ടർ കൃഷിയാണ് ഉണ്ടായിരുന്നത്.

കേന്ദ്ര സർക്കാർ ഖാരിഫ് വിളകൾക്ക് മിനിമം സപ്പോർട്ട് പ്രൈസ് പ്രഖ്യാപിച്ചത് കർഷകരെ സംബന്ധിച്ചിടത്തോളം ആശ്വാസകരവും പ്രതീക്ഷ നൽകുന്നതുമായ കാര്യമാണ്. എന്നാൽ ഇത് വരും മാസങ്ങളിൽ വിപണിയിൽ ഭക്ഷ്യോൽപന്നങ്ങളുടെ വിലവർദ്ധനവിനു കാരണമായേക്കാം.


ഓണം ബക്രീദ് ഉൽസവകാലത്ത നിത്യോപയോഗ സാധനങ്ങളുടെ വിലക്കയററം നിയന്ത്രിക്കുന്നതിനു സർക്കാർ വ്യാപകമായ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ഇത് ഓണക്കാല വിലക്കയററത്തെ ഒരു പരിധിവരെ നിയന്ത്രിച്ചു നിർത്താൻ പര്യാപ്തമാണ്.

## I. ധാന്യങ്ങൾ

അവലോകനമാസത്തിൽ അരിയുടെ വിലയിൽ വർദ്ധനവൊന്നും ഉണ്ടായില്ല. മിക്കവാറും എല്ലാ ഇനം അരിയുടെ വിലയിലും നേരിയൊരു കുറവ് അനുഭവപ്പെട്ടു.ആഗസ്ത് മാസത്തിലും അരിയുടെ വിലയിൽ കാര്യമായ ഒരു വർദ്ധനവിനുള്ള സാധ്യത ഇല്ലെന്നാണു വിപണിയിൽ നിന്നുള്ള റിപ്പോർട്ട്. പേമാരി കാരണം വ്യാപകമായ കൃഷി നാശം സംഭവിച്ചത് വരും മാസങ്ങളിൽ അരിയുടെ വിലയെ സ്വാധീനിച്ചേക്കാം.

ഫുഡ് കോർപ്പറാഷൻ ഓഫ് ഇന്ത്യയുടെ ജൂലൈ 2018 ലെ കണക്ക് പ്രകാരം ജൂലൈ 1 വരെ സ്റ്റേററ് ഏജൻസികൾ ഉൾപ്പെടെ 232.52 ലക്ഷം മെട്രിക് ടൺ അരിയും 64.25 ലക്ഷം മെട്രിക് ടൺ നെല്ലും കരുതൽ ശേഖരം ഉണ്ട്. ഇത് കഴിഞ്ഞ വർഷത്തെ നീക്കിയിരുപ്പിനേക്കാൾ കൂടുതലാണ്.


| നം | ഇനങ്ങൾ | അളവ് | ജൂലൈ 2017 | ജൂൺ 2018 | ജൂലൈ 2018 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | ധാന്യങ്ങൾ | | | | | | |
| 1 | അരി(ചുവപ്പ്) മട്ട | കിലോഗ്രാം | 43.31 | 41.09 | 39.84 | -3.04 | -8.01 |
| 2 | ചമ്പ | കിലോഗ്രാം | 41.50 | 44.00 | 44.00 | 0.00 | 6.02 |
| 3 | റോസ് | കിലോഗ്രാം | 43.49 | 40.96 | 40.15 | -1.98 | -7.68 |
| 4 | ആന്ധ്ര വെള്ള | കിലോഗ്രാം | 38.24 | 36.50 | 36.23 | -0.74 | -5.26 |
| 5 | ജയ | കിലോഗ്രാം | 40.63 | 37.42 | 36.63 | -2.12 | -9.86 |
| 6 | ഗോതമ്പ് | കിലോഗ്രാം | 32.31 | 32.06 | 32.19 | 0.41 | -0.36 |



## II. പയർ വർഗ്ഗങ്ങൾ

അവലോകനമാസമായ ജൂലൈയിൽ സമ്മിശ്രമായ പ്രവണതയാണു പയർ വർഗ്ഗങ്ങളിൽ കണ്ടതെങ്കിലും വരും മാസങ്ങളിൽ വില വർദ്ധിക്കുന്നതിനുള്ള ഒരു പ്രവണത ദൃശ്യമാണ്. കേന്ദ്ര സർക്കാർ ഖാരിഫ് വിളകൾക്ക് പ്രഖ്യാപിച്ച മിനിമം സപ്പോർട്ട് പ്രൈസിലെ വർദ്ധനവ് കർഷകർക്ക് ആശ്വാസപ്രദമാണെങ്കിലും വരും മാസങ്ങളിൽ ഇതു വിപണിയിൽ വില വർദ്ധനവിലേക്ക് നയിച്ചേക്കാം. പീസ് പരിപ്പിന്റെ വിലയിൽ കാര്യമായ വർദ്ധനവ് ദൃശ്യമായിരുന്നു, കടലയുടെ വിലയിൽ വർദ്ധനവിനുള്ള പ്രവണത ദൃശ്യമാണ്. കേന്ദ്ര കാർഷിക മന്ത്രാലയം പുറത്തുവിട്ട ഇതുവരെയുള്ള റിപ്പോർട്ട് അനുസരിച്ച് മൊത്തം പയർ വർഗ്ഗങ്ങളുടെ കൃഷിയിൽ 7.46 ലക്ഷം ഹെക്ടറിന്റെ കുറവ് റിപ്പോർട്ട് ചെയ്യുന്നു.

| നം | ഇനങ്ങൾ | അളവ് | ജൂലൈ 2017 | ജൂൺ 2018 | ജൂലൈ 2018 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പയർ വർഗ്ഗങ്ങൾ | | | | | | |
| 1 | ചെറുപയർ | കിലോഗ്രാം | 82.71 | 90.21 | 90.46 | 0.28 | 9.37 |
| 2 | ചെറുപയർ പരിപ്പ് | കിലോഗ്രാം | 91.13 | 90.94 | 89.50 | -1.58 | -1.79 |
| 3 | ഉഴുന്നു പരിപ്പ് | കിലോഗ്രാം | 105.00 | 84.58 | 83.55 | -1.22 | -20.43 |
| 4 | ഉഴുന്നു (തോടില്ലാതെ) | കിലോഗ്രാം | 97.25 | 79.89 | 79.84 | -0.06 | -17.90 |
| 5 | വൻപയർ | കിലോഗ്രാം | 75.64 | 69.06 | 69.38 | 0.46 | -8.28 |
| 6 | തുവരപരിപ്പ് | കിലോഗ്രാം | 84.65 | 81.83 | 80.75 | -1.32 | -4.61 |
| 7 | കടല(വലുത്) | കിലോഗ്രാം | 95.91 | 70.34 | 70.39 | 0.07 | -26.61 |
| 8 | കടല(ചെറുത്) | കിലോഗ്രാം | 85.17 | 61.88 | 60.97 | -1.47 | -28.41 |
| 9 | പീസ് പരിപ്പ് | കിലോഗ്രാം | 42.60 | 47.53 | 50.25 | 5.72 | 17.96 |
| 10 | മസൂർ പരിപ്പ് | കിലോഗ്രാം | 74.32 | 69.82 | 68.94 | -1.25 | -7.24 |



## III . മററ് ഭക്ഷ്യ വസ്തുക്കൾ

അവലോകനമാസമായ ജൂലൈയിൽ ഏററവും കൂടുതൽ വിലയിൽ വ്യതിയാനം സംഭവിച്ച ഇനങ്ങളായിരുന്നു പഞ്ചസാര, കോഴിമുട്ട, ഇറച്ചിക്കോഴി എന്നിവ.


പഞ്ചസാരയുടെ വിലയിൽ കാര്യമായ വർദ്ധനവ് ദൃശ്യമായെങ്കിലും മാസാവസാനത്തോടെ വിലസ്ഥിരത കൈവരിച്ചു.

കോഴിമുട്ടയുടെ വിലയിൽ അവലോകനമാസത്തിൽ കാര്യമായ വിലക്കയററം ദൃശ്യമായിരുന്നു. കഴിഞ്ഞ വർഷങ്ങളിലെ കോഴിമുട്ടയുടെ വിലയുടെ പ്രവണത എടുത്തു പരിശോധിക്കുമ്പോൾ സാധാരണയായി കേരളത്തിൽ ഉഷ്ണകാലത്തും ക്രിസ്തുമസ് കാലത്തുമാണു മുട്ടയുടെ വിലയിൽ വർദ്ധനവ് കാണുന്നത്.

പ്രധാന മുട്ട ഉൽപാദന കേന്ദ്രങ്ങളായ ആന്ധ്രപ്രദേശ്, തെലുങ്കാന സംസ്ഥാനങ്ങളിൽ നിന്നാണു ഇന്ത്യയിൽ ഭൂരിഭാഗം പ്രദേശങ്ങളിലും മുട്ട എത്തിക്കുന്നത് ഇവിടങ്ങളിലുണ്ടായ വിലക്കയററത്തിന്റെ ചുവട് പിടിച്ച് കേരളത്തിലേക്ക് മുട്ട എത്തിക്കുന്ന തമിഴ്നാടിലെ നാമക്കലിലും മുട്ടയുടെ വില വർദ്ധിപ്പിച്ചതിനെ തുടർന്നാണു മുട്ടയുടെ വിലയിൽ വർദ്ധനവ് ഉണ്ടായതെന്നാണു വിപണിയിൽ നിന്നുള്ള റിപ്പോർട്ട്. ജൂലൈ അവസാനത്തോടെ വില കുറയാൻ ആരംഭിച്ചിട്ടുണ്ട്. ആഗസ്ത് മാസത്തിലും ഈ വിലക്കുറവ് തുടരാനാണു സാധ്യത

ഇറച്ചിക്കോഴിയുടെ വിലയിൽ കാര്യമായ വിലക്കുറവ് ദൃശ്യമായി. ആഗസ്തിൽ ഓണം, ബക്രീദ് ആഘോഷങ്ങളോട് അനുബന്ധിച്ച് നേരിയവില വർദ്ധനവ് ഉണ്ടായേക്കാമെന്നാണു വിപണിയിൽ നിന്നുള്ള സൂചന.

| നം | ഇനങ്ങൾ | അളവ് | ജൂലൈ 2017 | ജൂൺ 2018 | ജൂലൈ 2018 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | മററ് ഭക്ഷ്യവസ്തുക്കൾ | | | | | | |
| 1 | പഞ്ചസാര | കിലോഗ്രാം | 43.29 | 36.46 | 39.15 | 7.38 | -9.56 |
| 2 | കരുപ്പെട്ടി | കിലോഗ്രാം | 155.87 | 151.38 | 151.73 | 0.23 | -2.66 |
| 3 | ശർക്കര | കിലോഗ്രാം | 56.11 | 53.13 | 53.00 | -0.24 | -5.54 |
| 4 | കോഴിമുട്ട(വൈററ് ലഗോൺ) | ഡസൺ | 54.15 | 58.57 | 61.65 | 5.26 | 13.85 |
| 5 | ആട്ടിറച്ചി(എല്ലോട്കൂടിയത്) | കിലോഗ്രാം | 501.43 | 535.29 | 535.54 | 0.05 | 6.80 |
| 6 | കോഴി(ബ്റോയിലെർ)(ജീവനുള്ളത്) | കിലോഗ്രാം | 118.06 | 123.03 | 107.19 | -12.87 | -9.21 |
| 7 | തേയില(കണ്ണൻ ദേവൻ) | 500 ഗ്രാം | 147.70 | 148.07 | 148.23 | 0.11 | 0.36 |
| 8 | കാപ്പിപ്പൊടി(ബ്രൂക്ക്ബോണ്ട്) | 500 ഗ്രാം | 160.96 | 161.62 | 161.81 | 0.12 | 0.53 |




## IV. എണ്ണയും ഏണ്ണക്കുരുക്കളും

തേങ്ങയുടെയും വെളിച്ചെണ്ണയുടെയും വിലയിൽ അവലോകന മാസത്തിൽ വിലക്കുറവ് ദൃശ്യമായി. എന്നാൽ ഈ ഇനത്തിൽ ബാക്കി എല്ലാ ഇനങ്ങൾക്കും വില വർദ്ധനവ് രേഖപ്പെടുത്തി ആഗസ്തിലും എണ്ണയിനങ്ങളിൽ വർദ്ധനവ് ഉണ്ടാവാനാണു സാധ്യതയെന്നു വിപണിയിൽ നിന്നുള്ള സൂചന.

വർഷകാലങ്ങളിൽ കേരളത്തിൽ സാധാരണയായി തേങ്ങയുടെയും കൊപ്രയുടെയും വരവിൽ കുറവ് ഉണ്ടാവാറുണ്ട്, എങ്കിലും നിലവിലുള്ള സ്ഥിതിവച്ച് കാര്യമായ ഒരു വർദ്ധനവിനുള്ള സാധ്യത ഇല്ലെന്നാണു വിപണിയിൽ നിന്നുള്ള സൂചന

| നം | ഇനങ്ങൾ | അളവ് | ജൂലൈ 2017 | ജൂൺ 2018 | ജൂലൈ 2018 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | ഏണ്ണയും എണ്ണക്കുരുക്കളും | | | | | | |
| 1 | വെളിച്ചെണ്ണ(ലൂസ്) | കിലോഗ്രാം | 151.08 | 210.47 | 206.41 | -1.93 | 36.62 |
| 2 | കടല എണ്ണ(ലൂസ്) | ലിററർ | 140.19 | 147.00 | 147.00 | 0.00 | 4.86 |
| 3 | റിഫൈൻഡ് ഓയിൽ | ലിററർ | 89.35 | 93.28 | 94.21 | 1.00 | 5.44 |
| 4 | നല്ലെണ്ണ | ലിററർ | 144.30 | 161.80 | 165.25 | 2.13 | 14.52 |
| 5 | കടുക് എണ്ണ | ലിററർ | 138.40 | 137.40 | 137.40 | 0.00 | -0.72 |
| 6 | വനസ്പതി(ഡാൽഡ) | ലിററർ | 93.98 | 95.53 | 95.88 | 0.37 | 2.02 |
| 7 | സൂര്യകാന്തി ഓയിൽ | ലിററർ | 89.30 | 93.58 | 95.21 | 1.74 | 6.62 |
| 8 | തേങ്ങ(തൊണ്ടില്ലാതെ) | 10 എണ്ണം | 166.48 | 210.73 | 200.32 | -4.94 | 20.33 |




## V.സുഗന്ധ വ്യഞ്ജനങ്ങൾ

അവലോകനമാസമായ ജൂലൈയിൽ ഉള്ളിയുടെ വിലയിൽ കാര്യമായ ഒരു വർദ്ധനവ് ദൃശ്യമായിരുന്നു. ഇതോടൊപ്പം ലോറിസമരവും ആയതോടുകൂടി വില 75-80 രൂപ വരെ എത്തി .പിന്നീട് മാസവസാനം വിലക്കുറവ് കാണപ്പെട്ടു, ആഗസ്തിൽ ആദ്യ ആഴ്ചകളിൽ വിലക്കുറവിനും പിന്നീട് വിലസ്ഥിരത നിലനിർത്താനും സാധ്യത്യുണ്ട്.

കുരുമുളകിന്റെ വിലയിൽ കുറവ് ദൃശ്യമായെങ്കിലും മാസാവസാനം വിപണിയിൽ ഇന്ത്യൻ കുരുമുളകിനു ഡിമാന്റ് വർദ്ധിച്ചതോടെ വിലവർദ്ധനവ് രേഖപ്പെടുത്തി. ആഗസ്തിലും കുരുമുളകിന്റെ വിലയിൽ വർദ്ധനവ് ഉണ്ടാവുമെന്നാണു വിപണിയിൽ നിന്നുള്ള സൂചന.

തുടർച്ചയായ വർദ്ധനവിനു ശേഷം വററൽ മുളക്, പുളി എന്നിവയുടെ വിലയിൽ വിലക്കുറവിന്റെ സൂചന ദൃശ്യമായിരുന്നു.


| നം | ഇനങ്ങൾ | അളവ് | ജൂലൈ 2017 | ജൂൺ 2018 | ജൂലൈ 2018 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | സുഗന്ധവ്യഞ്ജനങ്ങൾ | | | | | | |
| 1 | മല്ലി | കിലോഗ്രാം | 96.00 | 85.26 | 83.54 | -2.02 | -12.98 |
| 2 | മുളക് | കിലോഗ്രാം | 83.00 | 125.57 | 125.43 | -0.11 | 51.12 |
| 3 | ഉള്ളി | കിലോഗ്രാം | 97.85 | 49.40 | 68.00 | 37.65 | -30.51 |
| 4 | പുളി (തോടില്ലാതെ) | കിലോഗ്രാം | 118.91 | 162.79 | 162.32 | -0.29 | 36.51 |
| 5 | ജീരകം | 100 ഗ്രാം | 28.71 | 29.39 | 29.79 | 1.36 | 3.76 |
| 6 | കടുക് | 100 ഗ്രാം | 9.21 | 8.81 | 8.86 | 0.57 | -3.80 |
| 7 | ഉലുവ | 100 ഗ്രാം | 10.29 | 9.34 | 9.36 | 0.21 | -9.04 |
| 8 | മഞ്ഞൽ പൊടി | 100 ഗ്രാം | 18.59 | 18.46 | 18.54 | 0.43 | -0.27 |
| 9 | വെളുത്തുള്ളി | 100 ഗ്രാം | 10.05 | 7.33 | 7.11 | -3.00 | -29.25 |
| 10 | കുരുമുളക്(നാടൻ) | കിലോഗ്രാം | 582.31 | 467.00 | 444.79 | -4.76 | -23.62 |



## VI. കിഴങ്ങു വർഗ്ഗങ്ങൾ

അവലോകനമാസമായ ജൂലൈയിൽ കിഴങ്ങു വർഗ്ഗങ്ങളിൽ കാര്യമായ വിലക്കയററം ദൃശ്യമായിരുന്നു .പ്രത്യേകിച്ച് കാരററ് ബീററ്റൂട്ട് എന്നിവയുടെ വില., അവലോകനമാസത്തിൽ ലോറിസമരം കിഴങ്ങുവർഗ്ഗങ്ങളുടെ വിലക്കയററത്തിൽ കാര്യമായി പ്രതിഫലിച്ചിട്ടുണ്ട്. ഓണം ,ബക്രീദ് ആഘോഷങ്ങൾ നടക്കുന്നതിനാൽ ആഗസ്തിലും കാരററ്,ബീററ്റൂട്ട് വിലകൾ കുറയാൻ ഇടയില്ലെന്നാണു വിപണിയിൽ നിന്നുള്ള സൂചന

| നം | ഇനങ്ങൾ | അളവ് | ജൂലൈ 2017 | ജൂൺ 2018 | ജൂലൈ 2018 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | കിഴങ്ങുവർഗ്ഗങ്ങൾ | | | | | | |
| 1 | ചേന | കിലോഗ്രാം | 52.51 | 36.17 | 36.23 | 0.17 | -31.00 |
| 2 | മരച്ചീനി(പച്ച) | കിലോഗ്രാം | 26.38 | 21.69 | 22.00 | 1.43 | -16.60 |
| 3 | ഉരുളക്കിഴങ്ങ് | കിലോഗ്രാം | 23.30 | 31.76 | 33.57 | 5.70 | 44.08 |
| 4 | ചേമ്പ് | കിലോഗ്രാം | 77.21 | 60.99 | 61.09 | 0.16 | -20.88 |
| 5 | ബീററ്റൂട്ട് | കിലോഗ്രാം | 44.57 | 36.30 | 43.80 | 20.66 | -1.73 |
| 6 | കാരററ് | കിലോഗ്രാം | 69.01 | 41.31 | 49.80 | 20.55 | -27.84 |




## VII. പച്ചക്കറി ഇനങ്ങൾ

പച്ചക്കറി ഇനങ്ങളിൽ ഭൂരിഭാഗം ഇനങ്ങൾക്കും അവലോകനമാസത്തിൽ കാര്യമായ വിലക്കയററം ദൃശ്യമായിരുന്നു. ജൂലൈ മധ്യത്തോടെ ആരംഭിച്ച ലോറി സമരം വിലക്കയററത്തിന്റെ ആക്കം കൂട്ടി. സവാള തക്കാളി പച്ചമുളക്, വെള്ളരിക്ക എന്നിവയുടെ വില കാര്യമായി വർദ്ധിച്ചു. ലോറി സമരം അവസാനിച്ചതോടെ വിലയിൽ കുറവ് ദൃശ്യമായിട്ടുണ്ട്.

ഓണക്കാല വിപണിയെ ലക്ഷ്യമിട്ട് കൃഷി ചെയ്തിരുന്ന പച്ചക്കറികളിൽ ഭൂരിഭാഗവും ജൂലൈ മാസത്തിൽ ഉണ്ടായ രൂക്ഷമായ പ്രളയത്തിൽ നശിച്ചതായാണു റിപ്പോർട്ട്. ഇത് ഓണക്കാലത്ത് പച്ചക്കറികളുടെ വിലയിൽ കാര്യമായി പ്രതിഫലിക്കും ഇതോടൊപ്പം തമിഴ്നാട്ടിലും കനത്ത മഴയും വിളനാശവും ഉണ്ടായതായാണു റിപ്പോർട്ട്.

ഇതൊക്കെ ഓണക്കാലത്ത് പച്ചക്കറിയുടെ വില വർദ്ധനവിലേക്കുള്ള സൂചനയാണു നൽകുന്നത്. എന്നാൽ ഓണം ബക്രീദ് ആഘോഷങ്ങൾ മുന്നിൽ കണ്ട് സർക്കാരിന്റെ വിപണിയിലുള്ള ഇടപെടൽ വിലക്കയററത്തെ നിയന്ത്രിച്ചു നിർത്താൻ സഹായിക്കും.

| നം | ഇനങ്ങൾ | അളവ് | ജൂലൈ 2017 | ജൂൺ 2018 | ജൂലൈ 2018 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പച്ചക്കറി ഇനങ്ങൾ | | | | | | |
| 1 | സവാള | കിലോഗ്രാം | 17.81 | 20.51 | 25.21 | 22.92 | 41.55 |
| 2 | വഴുതന | കിലോഗ്രാം | 39.02 | 32.61 | 35.45 | 8.71 | -9.15 |
| 3 | മത്തങ്ങ | കിലോഗ്രാം | 20.84 | 20.34 | 23.23 | 14.21 | 11.47 |
| 4 | വെള്ളരിക്ക | കിലോഗ്രാം | 33.99 | 20.13 | 28.82 | 43.17 | -15.21 |
| 5 | വെണ്ടക്ക | കിലോഗ്രാം | 49.04 | 30.53 | 38.23 | 25.22 | -22.04 |
| 6 | ബീൻസ്(ഇംഗ്ളീഷ്) | കിലോഗ്രാം | 57.94 | 61.67 | 56.86 | -7.80 | -1.86 |
| 7 | വള്ളിപ്പയർ | കിലോഗ്രാം | 57.64 | 45.99 | 52.68 | 14.55 | -8.61 |
| 8 | കാബേജ് | കിലോഗ്രാം | 28.13 | 25.14 | 28.46 | 13.21 | 1.17 |
| 9 | പാവയ്ക്ക | കിലോഗ്രാം | 49.11 | 45.79 | 50.32 | 9.89 | 2.46 |
| 10 | കുമ്പളങ്ങ | കിലോഗ്രാം | 30.98 | 24.53 | 29.59 | 20.63 | -4.49 |
| 11 | പടവലങ്ങ | കിലോഗ്രാം | 40.66 | 33.79 | 37.96 | 12.34 | -6.64 |
| 12 | തക്കാളി | കിലോഗ്രാം | 73.15 | 24.01 | 27.41 | 14.16 | -62.53 |
| 13 | പച്ചമുളക് | 100 ഗ്രാം | 7.29 | 5.05 | 7.37 | 45.94 | 1.10 |
| 14 | ഏത്തയ്ക്ക(പച്ച) | കിലോഗ്രാം | 49.16 | 48.65 | 45.14 | -7.21 | -8.18 |
| 15 | വാഴയ്ക്ക(പച്ച) | കിലോഗ്രാം | 44.00 | 34.99 | 34.36 | -1.80 | -21.91 |




## VIII. പഴവർഗ്ഗങ്ങൾ

അവലോകനമാസത്തിൽ സമ്മിശ്രമായ ഒരു പ്രവണതയാണു പഴവർഗ്ഗങ്ങളിൽ കണ്ടത്. ആപ്പിളിന്റെ വിലയിൽ പ്രതീക്ഷിച്ചത് പോലെതന്നെ വർദ്ധനവ് ദൃശ്യമായിരുന്നു. മുസമ്പി,മാതളം,വാഴപ്പഴം പാളയംതോടൻ, മാങ്ങ എന്നിവയുടെ വിലയിൽ കാര്യമായ വിലക്കുറവ് കാണപ്പെട്ടു.

കഴിഞ്ഞ വർഷം ഇതേ സമയത്തെ വിലയുമായി താരതമ്യം ചെയ്യുമ്പോൾ വാഴപ്പഴം ഒഴികെയുള്ള ഇനങ്ങളിൽ കാര്യമായ വർദ്ധനവാണു ഉണ്ടായിട്ടുണ്ട്.


| നം | ഇനങ്ങൾ | അളവ് | ജൂലൈ 2017 | ജൂൺ 2018 | ജൂലൈ 2018 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പഴവർഗ്ഗങ്ങൾ | | | | | | |
| 1 | ഓറഞ്ച്(സിട്രസ്) | കിലോഗ്രാം | 112.05 | 92.33 | 94.00 | 1.81 | -16.11 |
| 2 | മുസമ്പി | കിലോഗ്രാം | 55.67 | 77.69 | 64.25 | -17.30 | 15.41 |
| 3 | മാതളം | കിലോഗ്രാം | 93.96 | 119.92 | 103.13 | -14.00 | 9.76 |
| 4 | ആപ്പിൾ(ഷിംല) | കിലോഗ്രാം | 140.00 | 130.00 | 140.00 | 7.69 | 0.00 |
| 5 | ഏത്തപ്പഴം | കിലോഗ്രാം | 55.77 | 53.38 | 53.25 | -0.25 | -4.52 |
| 6 | വാഴപ്പഴംപാളയംതോടൻ | കിലോഗ്രാം | 37.21 | 33.11 | 29.16 | -11.94 | -21.65 |
| 7 | വാഴപ്പഴം രസകദളി | കിലോഗ്രാം | 66.43 | 46.49 | 48.20 | 3.70 | -27.43 |
| 8 | വാഴപ്പഴം പൂവൻ | കിലോഗ്രാം | 54.19 | 47.54 | 48.11 | 1.21 | -11.22 |
| 9 | വാഴപ്പഴം റോബസ്റ്റ | കിലോഗ്രാം | 31.27 | 28.41 | 27.09 | -4.66 | -13.36 |
| 10 | മാങ്ങ(നീലം) | കിലോഗ്രാം | 55.21 | 59.80 | 50.45 | -15.62 | -8.61 |
| 11 | തണ്ണിമത്തൻ(കിരൺ) | കിലോഗ്രാം | 23.57 | 19.90 | 19.30 | -3.04 | -18.14 |
| 12 | മുന്തിരി പച്ച കുരുവുള്ളത് | കിലോഗ്രാം | 89.55 | 72.62 | 69.00 | -4.98 | -22.95 |
| 13 | മുന്തിരി കറുപ്പ് കുരുവുള്ളത് | കിലോഗ്രാം | 68.75 | 86.24 | 81.72 | -5.25 | 18.86 |



## IX. ഭക്ഷ്യേതര വസ്തുക്കൾ

കേരളത്തിൽ സാധാരണയായി മഴക്കാലത്ത് സിമന്റിന്റെ വിലയിൽ കുറവ് കാണുകയാണു പതിവെങ്കിലും ഈ വർഷകാലത്ത് സിമന്റിന്റെ വില കൂടിക്കൊണ്ടിരിക്കുകയാണു. എല്ലാ ഇനം സിമന്റിന്റെ വിലയിലും കമ്പനികൾ വർദ്ധനവ് വരുത്തിയിട്ടുണ്ട്. എന്നാൽ മാസാവസാനം സ്റ്റീലിന്റെ വിലയിൽ നേരിയൊരു കുറവ് ദൃശ്യമാണ്. സ്റ്റീലിന്റെ വില കഴിഞ്ഞ വർഷം ഇതേ കാലയളവിൽ ഉണ്ടായതിനേക്കാൾ 28 ശതമാനത്തോളം വിലക്കയററം അനുഭവപ്പെട്ടു. സിമന്റിന്റെ വിലക്കയററം കൂടി ആവുമ്പോൾ പൊതുവെ മാന്ദ്യം നിലനിൽക്കുന്ന നിർമ്മാണ മേഖലയെ കൂടുതൽ പ്രതിസന്ധി സൃഷ്ടിക്കും.

| നം | ഇനങ്ങൾ | അളവ് | ജൂലൈ 2017 | ജൂൺ 2018 | ജൂലൈ 2018 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | ഭക്ഷ്യേതര വസ്തുക്കൾ | | | | | | |
| 1 | വാഷിങ്ങ് സോപ്പ്(സൺലൈററ്) | 1/2 ബാർ | **19.56** | **20.29** | **20.39** | **0.49** | **4.24** |
| 2 | ടോയിലററ് സോപ്പ്(ലക്സ്) | ഒന്ന്(100 ഗ്രാം) | **28.16** | **27.94** | **28.23** | **1.04** | **0.25** |
| 3 | വിറക് നാടൻ) | ക്വിന്റൽ | **501.79** | **515.43** | **501.67** | **-2.67** | **-0.02** |
| 4 | സിമന്റ് ശങ്കർ(പേപ്പർ ബാഗ്) | ഒന്ന് | **400.94** | **386.75** | **405.47** | **4.84** | **1.13** |
| 5 | സിമന്റ് ശങ്കർ(പോളി ബാഗ്) | ഒന്ന് | **394.84** | **381.63** | **400.16** | **4.86** | **1.35** |
| 6 | സ്റ്റീൽ(8 മി. മീ) | കിലോഗ്രാം | **43.53** | **55.49** | **55.56** | **0.13** | **27.64** |



## അനുബന്ധം

| സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് | | | | | | | |
|---|---|---|---|---|---|---|---|
| നം | ഇനങ്ങൾ | അളവ് | ജൂലൈ 2017 | ജൂൺ 2018 | ജൂലൈ 2018 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
| | ധാന്യങ്ങൾ | | | | | | |
| 1 | അരി(ചുവപ്പ്) മട്ട | കിലോഗ്രാം | 43.31 | 41.09 | 39.84 | -3.04 | -8.01 |
| 2 | ചമ്പ | കിലോഗ്രാം | 41.50 | 44.00 | 44.00 | 0.00 | 6.02 |
| 3 | റോസ് | കിലോഗ്രാം | 43.49 | 40.96 | 40.15 | -1.98 | -7.68 |
| 4 | ആന്ധ്ര വെള്ള | കിലോഗ്രാം | 38.24 | 36.50 | 36.23 | -0.74 | -5.26 |
| 5 | ജയ | കിലോഗ്രാം | 40.63 | 37.42 | 36.63 | -2.12 | -9.86 |
| 6 | ഗോതമ്പ് | കിലോഗ്രാം | 32.31 | 32.06 | 32.19 | 0.41 | -0.36 |
| | പയർ വർഗ്ഗങ്ങൾ | | | | | | |
| 1 | ചെറുപയർ | കിലോഗ്രാം | 82.71 | 90.21 | 90.46 | 0.28 | 9.37 |
| 2 | ചെറുപയർ പരിപ്പ് | കിലോഗ്രാം | 91.13 | 90.94 | 89.50 | -1.58 | -1.79 |
| 3 | ഉഴുന്നു പരിപ്പ് | കിലോഗ്രാം | 105.00 | 84.58 | 83.55 | -1.22 | -20.43 |
| 4 | ഉഴുന്നു (തോടില്ലാതെ) | കിലോഗ്രാം | 97.25 | 79.89 | 79.84 | -0.06 | -17.90 |
| 5 | വൻപയർ | കിലോഗ്രാം | 75.64 | 69.06 | 69.38 | 0.46 | -8.28 |
| 6 | തുവരപരിപ്പ് | കിലോഗ്രാം | 84.65 | 81.83 | 80.75 | -1.32 | -4.61 |
| 7 | കടല(വലുത്) | കിലോഗ്രാം | 95.91 | 70.34 | 70.39 | 0.07 | -26.61 |
| 8 | കടല(ചെറുത്) | കിലോഗ്രാം | 85.17 | 61.88 | 60.97 | -1.47 | -28.41 |
| 9 | പീസ് പരിപ്പ് | കിലോഗ്രാം | 42.60 | 47.53 | 50.25 | 5.72 | 17.96 |
| 10 | മസൂർ പരിപ്പ് | കിലോഗ്രാം | 74.32 | 69.82 | 68.94 | -1.25 | -7.24 |
| | മററ് ഭക്ഷ്യവസ്തുക്കൾ | | | | | | |
| 1 | പഞ്ചസാര | കിലോഗ്രാം | 43.29 | 36.46 | 39.15 | 7.38 | -9.56 |
| 2 | കരുപ്പെട്ടി | കിലോഗ്രാം | 155.87 | 151.38 | 151.73 | 0.23 | -2.66 |
| 3 | ശർക്കര | കിലോഗ്രാം | 56.11 | 53.13 | 53.00 | -0.24 | -5.54 |
| 4 | കോഴിമുട്ട(വൈററ് ലഗോൺ) | ഡസൺ | 54.15 | 58.57 | 61.65 | 5.26 | 13.85 |
| 5 | ആട്ടിറച്ചി(എല്ലോട്കൂടിയത്) | കിലോഗ്രാം | 501.43 | 535.29 | 535.54 | 0.05 | 6.80 |
| 6 | കോഴി(ബ്റോയിലെർ)(ജീവനുള്ളത്) | കിലോഗ്രാം | 118.06 | 123.03 | 107.19 | -12.87 | -9.21 |
| 7 | തേയില(കണ്ണൻ ദേവൻ) | 500 ഗ്രാം | 147.70 | 148.07 | 148.23 | 0.11 | 0.36 |
| 8 | കാപ്പിപ്പൊടി(ബ്രൂക്ക്ബോണ്ട്) | 500 ഗ്രാം | 160.96 | 161.62 | 161.81 | 0.12 | 0.53 |
| | ഏണ്ണയും എണ്ണക്കുരുക്കളും | | | | | | |
| 1 | വെളിച്ചെണ്ണ(ലൂസ്) | കിലോഗ്രാം | 151.08 | 210.47 | 206.41 | -1.93 | 36.62 |
| 2 | കടല എണ്ണ(ലൂസ്) | ലിററർ | 140.19 | 147.00 | 147.00 | 0.00 | 4.86 |
| 3 | റിഫൈൻഡ് ഓയിൽ | ലിററർ | 89.35 | 93.28 | 94.21 | 1.00 | 5.44 |
| 4 | നല്ലെണ്ണ | ലിററർ | 144.30 | 161.80 | 165.25 | 2.13 | 14.52 |
| 5 | കടുക് എണ്ണ | ലിററർ | 138.40 | 137.40 | 137.40 | 0.00 | -0.72 |
| 6 | വനസ്പതി(ഡാൽഡ) | ലിററർ | 93.98 | 95.53 | 95.88 | 0.37 | 2.02 |
| 7 | സൂര്യകാന്തി ഓയിൽ | ലിററർ | 89.30 | 93.58 | 95.21 | 1.74 | 6.62 |
| 8 | തേങ്ങ(തൊണ്ടില്ലാതെ) | 10 എണ്ണം | 166.48 | 210.73 | 200.32 | -4.94 | 20.33 |

| നം | ഇനങ്ങൾ | അളവ് | ജൂലൈ 2017 | ജൂൺ 2018 | ജൂലൈ 2018 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | സുഗന്ധവ്യഞ്ജനങ്ങൾ | | | | | | |
| | | | | | | | |
| 1 | മല്ലി | കിലോഗ്രാം | **96.00** | **85.26** | **83.54** | **-2.02** | **-12.98** |
| 2 | മുളക് | കിലോഗ്രാം | **83.00** | **125.57** | **125.43** | **-0.11** | **51.12** |
| 3 | ഉള്ളി | കിലോഗ്രാം | **97.85** | **49.40** | **68.00** | **37.65** | **-30.51** |
| 4 | പുളി (തോടില്ലാതെ) | കിലോഗ്രാം | **118.91** | **162.79** | **162.32** | **-0.29** | **36.51** |
| 5 | ജീരകം | 100 ഗ്രാം | **28.71** | **29.39** | **29.79** | **1.36** | **3.76** |
| 6 | കടുക് | 100 ഗ്രാം | **9.21** | **8.81** | **8.86** | **0.57** | **-3.80** |
| 7 | ഉലുവ | 100 ഗ്രാം | **10.29** | **9.34** | **9.36** | **0.21** | **-9.04** |
| 8 | മഞ്ഞൽ പൊടി | 100 ഗ്രാം | **18.59** | **18.46** | **18.54** | **0.43** | **-0.27** |
| 9 | വെളുത്തുള്ളി | 100 ഗ്രാം | **10.05** | **7.33** | **7.11** | **-3.00** | **-29.25** |
| 10 | കുരുമുളക്(നാടൻ) | കിലോഗ്രാം | **582.31** | **467.00** | **444.79** | **-4.76** | **-23.62** |
| | കിഴങ്ങുവർഗ്ഗങ്ങൾ | | | | | | |
| 1 | ചേന | കിലോഗ്രാം | **52.51** | **36.17** | **36.23** | **0.17** | **-31.00** |
| 2 | മരച്ചീനി(പച്ച) | കിലോഗ്രാം | **26.38** | **21.69** | **22.00** | **1.43** | **-16.60** |
| 3 | ഉരുളക്കിഴങ്ങ് | കിലോഗ്രാം | **23.30** | **31.76** | **33.57** | **5.70** | **44.08** |
| 4 | ചേമ്പ് | കിലോഗ്രാം | **77.21** | **60.99** | **61.09** | **0.16** | **-20.88** |
| 5 | ബീററ്റൂട്ട് | കിലോഗ്രാം | **44.57** | **36.30** | **43.80** | **20.66** | **-1.73** |
| 6 | കാരററ് | കിലോഗ്രാം | **69.01** | **41.31** | **49.80** | **20.55** | **-27.84** |
| | | | | | | | |
| | പച്ചക്കറി ഇനങ്ങൾ | | | | | | |
| 1 | സവാള | കിലോഗ്രാം | **17.81** | **20.51** | **25.21** | **22.92** | **41.55** |
| 2 | വഴുതന | കിലോഗ്രാം | **39.02** | **32.61** | **35.45** | **8.71** | **-9.15** |
| 3 | മത്തങ്ങ | കിലോഗ്രാം | **20.84** | **20.34** | **23.23** | **14.21** | **11.47** |
| 4 | വെള്ളരിക്ക | കിലോഗ്രാം | **33.99** | **20.13** | **28.82** | **43.17** | **-15.21** |
| 5 | വെണ്ടക്ക | കിലോഗ്രാം | **49.04** | **30.53** | **38.23** | **25.22** | **-22.04** |
| 6 | ബീൻസ്(ഇംഗ്ലീഷ്) | കിലോഗ്രാം | **57.94** | **61.67** | **56.86** | **-7.80** | **-1.86** |
| 7 | വള്ളിപയർ | കിലോഗ്രാം | **57.64** | **45.99** | **52.68** | **14.55** | **-8.61** |
| 8 | കാബേജ് | കിലോഗ്രാം | **28.13** | **25.14** | **28.46** | **13.21** | **1.17** |
| 9 | പാവയ്ക്ക | കിലോഗ്രാം | **49.11** | **45.79** | **50.32** | **9.89** | **2.46** |
| 10 | കുമ്പളങ്ങ | കിലോഗ്രാം | **30.98** | **24.53** | **29.59** | **20.63** | **-4.49** |
| 11 | പടവലങ്ങ | കിലോഗ്രാം | **40.66** | **33.79** | **37.96** | **12.34** | **-6.64** |
| 12 | തക്കാളി | കിലോഗ്രാം | **73.15** | **24.01** | **27.41** | **14.16** | **-62.53** |
| 13 | പച്ചമുളക് | 100 ഗ്രാം | **7.29** | **5.05** | **7.37** | **45.94** | **1.10** |
| 14 | ഏത്തയ്ക്ക(പച്ച) | കിലോഗ്രാം | **49.16** | **48.65** | **45.14** | **-7.21** | **-8.18** |
| 15 | വാഴയ്ക്ക(പച്ച) | കിലോഗ്രാം | **44.00** | **34.99** | **34.36** | **-1.80** | **-21.91** |

| നം | ഇനങ്ങൾ | അളവ് | ജൂലൈ 2017 | ജൂൺ 2018 | ജൂലൈ 2018 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പഴവർഗ്ഗങ്ങൾ | | | | | | |
| 1 | ഓറഞ്ച്(സിട്രസ്) | കിലോഗ്രാം | **112.05** | **92.33** | **94.00** | **1.81** | **-16.11** |
| 2 | മുസമ്പി | കിലോഗ്രാം | **55.67** | **77.69** | **64.25** | **-17.30** | **15.41** |
| 3 | മാതളം | കിലോഗ്രാം | **93.96** | **119.92** | **103.13** | **-14.00** | **9.76** |
| 4 | ആപ്പിൾ(ഷിംല) | കിലോഗ്രാം | **140.00** | **130.00** | **140.00** | **7.69** | **0.00** |
| 5 | ഏത്തപ്പഴം | കിലോഗ്രാം | **55.77** | **53.38** | **53.25** | **-0.25** | **-4.52** |
| 6 | വാഴപ്പഴംപാളയംതോടൻ | കിലോഗ്രാം | **37.21** | **33.11** | **29.16** | **-11.94** | **-21.65** |
| 7 | വാഴപ്പഴം രസകദളി/ | കിലോഗ്രാം | **66.43** | **46.49** | **48.20** | **3.70** | **-27.43** |
| 8 | വാഴപ്പഴം പൂവൻ | കിലോഗ്രാം | **54.19** | **47.54** | **48.11** | **1.21** | **-11.22** |
| 9 | വാഴപ്പഴം റോബസ്റ്റ | കിലോഗ്രാം | **31.27** | **28.41** | **27.09** | **-4.66** | **-13.36** |
| 10 | മാങ്ങ(നീലം) | കിലോഗ്രാം | **55.21** | **59.80** | **50.45** | **-15.62** | **-8.61** |
| 11 | തണ്ണിമത്തൻ | കിലോഗ്രാം | **23.57** | **19.90** | **19.30** | **-3.04** | **-18.14** |
| 12 | മുന്തിരി പച്ച കുരുവുള്ളത് | കിലോഗ്രാം | **89.55** | **72.62** | **69.00** | **-4.98** | **-22.95** |
| 13 | മുന്തിരി കറുപ്പ് കുരുവുള്ളത് | കിലോഗ്രാം | **68.75** | **86.24** | **81.72** | **-5.25** | **18.86** |
| | ഭക്ഷ്യേതര വസ്തുക്കൾ | | | | | | |
| 1 | വാഷിങ്ങ് സോപ്പ്(സൺലൈററ്) | 1/2 ബാർ | **19.56** | **20.29** | **20.39** | **0.49** | **4.24** |
| 2 | ടോയിലററ് സോപ്പ്(ലക്സ്) | ഒന്ന്(100 ഗ്രാം) | **28.16** | **27.94** | **28.23** | **1.04** | **0.25** |
| 3 | വിറക് (നാടൻ) | ക്വിന്റൽ | **501.79** | **515.43** | **501.67** | **-2.67** | **-0.02** |
| 4 | സിമന്റ് ശങ്കർ(പേപ്പർ ബാഗ്) | ഒന്ന് | **400.94** | **386.75** | **405.47** | **4.84** | **1.13** |
| 5 | സിമന്റ് ശങ്കർ(പോളി ബാഗ്) | ഒന്ന് | **394.84** | **381.63** | **400.16** | **4.86** | **1.35** |
| 6 | സ്റ്റീൽ(8 മി. മീ) | കിലോഗ്രാം | **43.53** | **55.49** | **55.56** | **0.13** | **27.64** |